(ഡി) 2015-ൽ കേരളത്തിൽ സ്ത്രീകളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ഇ) 2015-ൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന കേസ്സുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തു ;

(എഫ്) 2015-ൽ കേരളത്തിൽ പെൺകുട്ടികളെ തട്ടിക്കൊണ്ടു പോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ജി) 2015-ൽ കേരളത്തിൽ എത്ര സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തു ?

ഉത്തരം

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കുറ്റകൃത്യങ്ങളിൽ കേരളത്തിന്റെ സ്ഥാനം ചുവടെ പറയും പ്രകാരമാണ്:

കൊലപാതക കേസുകൾ-10 ; ബലാത്സംഗ കേസുകൾ ; സ്ത്രീകളെയും പെൺകുട്ടികളെയും തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ-21 ; സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം-9 ; സ്ത്രീകളെ മോശമായി ചിത്രീകരിക്കൽ-8 എന്നീ സ്ഥാനങ്ങളിലാണ്.

(ബി) 279.

(സി) 1077.

(ഡി) 136.

(ഇ) 5171.

(എഫ്) 122.

(ജി) 282.

അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട കേസുകൾ

259 (2087) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനതൊഴിലാളികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

1671 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly